"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമടം മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന് കീഴിൽ സ്വയംഭരണ മേഖലയിൽ സ്ഥാപിക്കാനിരിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് - അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിച്ച നടപടി സാധൂകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(കൈ.)നം.12/2021/ടൂറിസം തീയതി, തിരുവനന്തപുരം, 19/07/2021

പരാമർശം:- സ.ഉ.(സാധാ)നം.114/2021/ടൂറിസം; തീയതി 26/02/2021

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ സ്വയംഭരണ മേഖലയിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ സ്ഥാപിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് കോളേജിന് വേണ്ടി പരാമർശിത ഉത്തരവ് പ്രകാരം ആറ് അധ്യാപകതസ്തികകളും, പതിമൂന്ന് അനധ്യാപകതസ്തികകളും സൃഷ്ടിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വേണു വി. ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

അഡീഷണൽ ഡയറക്ടർ, (ഹോസ്പിറ്റാലിറ്റി)&സ്പെഷ്യൽ ഓഫീസർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

പൊതുഭരണ (എസ്.സി) വകുപ്പ് (15-07-2021 തീയതിയിലെ ഇനം115 പ്രകാരം)

ചീഫ്(ഐ&ഐ) ഡിവിഷൻ, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-07-2021

ഫയൽ നം. ടൂർ-ബി3/32/2020-ടൂർ. ഇനം നം: 115

വിഷയം : ടൂറിസം വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ ഹോട്ടൽ മാനേജ്മെന്റ് കോളേജിന് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച നടപടിക്ക് സാധൂകരണം നല്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ടൂറിസംവകുപ്പ്.

V/167

AS

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ടൂർ–ബി3/32/2020–ടൂർ |
| 2. | വകുപ്പ് | : | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | : | കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ ഹോട്ടൽ മാനേജ്മെന്റ് കോളേജിന് ആവശ്യമായ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച നടപടിക്ക് സാധൂകരണം നല്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | : | 09.07.2021 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | :<br>: | 1) അതെ<br>2) അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്; | : | ശ്രീ. മുഹമ്മദ് റിയാസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : | 25.06.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | | ഡോ. വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 02.07.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് ; | : | ശ്രീ. പി എ മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | | 07.07.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 13.07.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി; | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും; | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിലെ ഹോട്ടൽ മാനേജ്മെന്റ് കോളേജിൽ സ.ഉ.(സാധാ)നം.114/2021/ടൂറിസം പ്രകാരം 19 തസ്തികകൾ (അദ്ധ്യാപക തസ്തികകൾ -6, അനദ്ധ്യാപക തസ്തികകൾ-16) സൃഷ്ടിച്ച നടപടിക്ക് സാധൂകരണം നല്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

(2) കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ സ്വയംഭരണ സ്ഥാപനമായി കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത് ഒരു ഹോട്ടൽ മാനേജ്മെന്റ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി സ്പെഷ്യൽ ഓഫീസറായി വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി)യെ നിയമിക്കുകയും കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. കോളേജ് ഒരു സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയുണ്ടായി. സൊസൈറ്റിക്ക് ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു ഗവേണിംഗ് കൗൺസിലും ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(3) ഹോട്ടൽ മാനേജ്മെന്റ് കോളേജ് ഉടൻ തന്നെ പ്രവർത്തനമാരംഭിക്കുന്നതിനായി തലശ്ശേരി കിൻഫ്രാ പാർക്കിൽ കിൻഫ്ര നിർമ്മിച്ച കെട്ടിടത്തിൽ താത്കാലികമായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി തലശ്ശേരി താലൂക്കിലെ പിണറായി വില്ലേജിൽ ഏറ്റെടുക്കുന്ന 5.3298 ഹെക്ടർ (13.16 ഏക്കർ) ഭൂമിയിൽ നിന്നും സ്ഥലം അനുവദിച്ച് നല്കിയിട്ടുണ്ട്.

(4) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.10.2020 ൽ ചേർന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റി ഗവേർണിംഗ് കൗൺസിലിന്റെ ആദ്യ യോഗത്തിൽ തീരുമാനിച്ച പ്രകാരം 09.11.2020-ന് ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ടി യോഗം AICTE മാനദണ്ഡമനുസരിച്ച് കോളേജിലെ ആദ്യ വർഷ ക്ലാസ്സുകളുടെ നടത്തിപ്പിനായി 19 തസ്തികകൾ (അദ്ധ്യാപകതസ്തികകൾ-6, അനദ്ധ്യാപകതസ്തികകൾ-13) ആവശ്യമാണെന്ന് തീരുമാനിക്കുകയുണ്ടായി. കോളേജിന്റെ കൺസൾട്ടന്റ് ആയി നിയമിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ, പ്രിൻസിപ്പൽ കോളേജിൽ താഴെ പറയുന്ന 19 തസ്തികകൾ

(അദ്ധ്യാപകതസ്തികകൾ-6, അനദ്ധ്യാപകതസ്തികകൾ-13) സൃഷ്ടിക്കുന്നതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**എ) അദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കേണ്ട ജീവനക്കാർ**

| തസ്തികയുടെ പേര് (നേരിട്ടുള്ള നിയമനം ) | എണ്ണം |
|---|---|
| പ്രിൻസിപ്പൽ | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 3 |
| ലൈബ്രറി അസിസ്റ്റന്റ് | 1 |
| ലാബ് അസിസ്റ്റന്റ് | 1 |
| **ആകെ** | **6** |

**ബി) അനദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കേണ്ട ജീവനക്കാർ**

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| ഓഫീസ് സൂപ്രണ്ട് കം അക്കൗണ്ടന്റ് (നേരിട്ടുള്ള നിയമനം ) | 1 |
| UDC (നേരിട്ടുള്ള നിയമനം) | 1 |
| LDC (നേരിട്ടുള്ള നിയമനം) | 2 |
| Maintenance Technician (Out sourced) | 2 |
| Security Guard (Out sourced) | 3 |
| House Keeping (Cleaning) (Out sourced) | 4 |
| **ആകെ** | **13** |

പ്രസ്തുത കോളേജ് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് ആദ്യ ബാച്ചിൽ 60 കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. AICTE മാനദണ്ഡം അനുസരിച്ചുള്ള നിശ്ചിത അധ്യാപക വിദ്യാർത്ഥി അനുപാതം (1 : 20) (60 വിദ്യാർത്ഥികൾക്ക് 3 അദ്ധ്യാപകർ) കണക്കാക്കിയാണ് മേൽ തസ്തികകൾ നിശ്ചയിച്ചിരിക്കുന്നത്.

(5) ഹോട്ടൽ മാനേജ്മെന്റ് കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന പ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

> *"ധർമ്മടം ഹോട്ടൽ മാനേജ്മെന്റ് കോളേജിന്റെ അഫിലിയേഷൻ നടപടി, രജിസ്ട്രേഷൻ നടപടി, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അംഗീകാരം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകില്ല എന്ന വ്യവസ്ഥയിൽ ചുവടെ*

ചേർത്തിരിക്കുന്ന പ്രകാരമുള്ള 19 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.

*അക്കാഡമിക് തസ്തികയിലേക്ക് നിയമിക്കേണ്ട ജീവനക്കാർ*

| **തസ്തികയുടെ പേര് (നേരിട്ടുള്ള നിയമനം )** | **എണ്ണം** |
|---|---|
| *പ്രിൻസിപ്പൽ* | *1* |
| *അസിസ്റ്റന്റ് പ്രൊഫസർ* | *3* |
| *ലൈബ്രറി അസിസ്റ്റന്റ്* | *1* |
| *ലാബ് അസിസ്റ്റന്റ്* | *1* |
| **ആകെ** | **6** |

*നോൺ-അക്കാഡമിക് തസ്തികയിലേക്ക് നിയമിക്കേണ്ട ജീവനക്കാർ*

| **തസ്തികയുടെ പേര്** | **എണ്ണം** |
|---|---|
| *ഓഫീസ് സൂപ്രണ്ട് കം അക്കൗണ്ടന്റ് (നേരിട്ടുള്ള നിയമനം)* | *1* |
| *UDC (നേരിട്ടുള്ള നിയമനം )* | *1* |
| *LDC (നേരിട്ടുള്ള നിയമനം )* | *2* |
| *Maintenance Technician (Out sourced)* | *2* |
| *Security Guard (Out sourced)* | *3* |
| *House Keeping (Cleaning) (Out sourced)* | *4* |
| **ആകെ** | **13** |

*ഇതിനു ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "*

(6) തസ്തികകൾ സൃഷ്ടിക്കുന്നതിന് മുൻപ് ചെയ്യേണ്ടതായി ധനകാര്യ വകുപ്പ് വ്യവസ്ഥ വച്ചിട്ടുള്ള മുൻ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള പ്രവർത്തികളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സൊസൈറ്റിയുടെ ഗവേണിംഗ് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹോട്ടൽ മാനേജ്മെന്റ് കോളേജ് ഒരു സ്വയംഭരണ സ്ഥാപനമായി സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്നതിനാൽ സർക്കാരിന് ശമ്പള ഇനത്തിൽ അധിക സാമ്പത്തികബാധ്യത ഉണ്ടാകുന്നതല്ലെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പ് മുന്നോട്ട് വച്ച മറ്റൊരു നിബന്ധന തസ്തിക സൃഷ്ടിക്കുന്നതിന് മുൻപ് തന്നെ കോളേജിന്റെ അഫിലിയേഷൻ പൂർത്തിയാക്കണമെന്നാണ്. അഫിലിയേഷനും തസ്തിക സൃഷ്ടിക്കുന്നതും ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുൻപ് തന്നെ പൂർത്തിയാക്കേണ്ട നടപടികളാണെന്നും അഫിലിയേഷനുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഇൻസ്പെക്ഷൻ ടീമിന് മുൻപാകെ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള അനുമതിയുടെ രേഖകൾ ഹാജരാക്കേണ്ടതുണ്ടെന്നും ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പുതിയ കോളേജിൽ

അധ്യയനം ഈ വിദ്യാഭ്യാസ വർഷത്തിൽതന്നെ തുടങ്ങാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുമുള്ളതിനാൽ താമസംവിനാ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ വീണ്ടും അപേക്ഷിക്കുകയുണ്ടായി. മേൽസാഹചര്യത്തിൽ ധർമ്മടത്തെ ഹോട്ടൽ മാനേജ്മെന്റ് കോളേജിൽ 19 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ മുൻ വിനോദസഞ്ചാര വകുപ്പ് മന്ത്രി ശുപാർശ ചെയ്ത് ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി. തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ മുഖ്യമന്ത്രി ഉത്തരവായി. 26.02.2021 ലെ സ.ഉ(സാധാ)നം.114/2021/ടൂറിസം പ്രകാരം ഹോട്ടൽ മാനേജ്മെന്റ് കോളേജിലെ 19 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

7) മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ കണ്ണൂർ ജില്ലയിൽ 26.02.2021 ലെ സ.ഉ(സാധാ)നം.114/2021/ടൂറിസം പ്രകാരം ധർമ്മടം മണ്ഡലത്തിലെ ഹോട്ടൽ മാനേജ്മെന്റ് കോളേജിനായി 19 തസ്തികകൾ സൃഷ്ടിച്ച നടപടി മന്ത്രിസഭ മുൻപാകെ സമർപ്പിച്ച് സാധൂകരിക്കേണ്ടതുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ സ്വയംഭരണ സ്ഥാപനമായി പുതുതായി ആരംഭിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് കോളേജിന് ആവശ്യമായ 19 തസ്തികകൾ (അദ്ധ്യാപകതസ്തികകൾ-6, അനദ്ധ്യാപകതസ്തികകൾ-13) 26.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.114/2021/ ടൂറിസം പ്രകാരം സൃഷ്ടിച്ച നടപടി സാധൂകരിക്കാമോ?

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന് കീഴിൽ സ്വയംഭരണ മേഖലയിൽ സ്ഥാപിക്കാനിരിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്-ൽ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ(സാധാ)നം.114/2021/ടൂറിസം തിരുവനന്തപുരം, തീയതി;26/02/2021

പരാമർശം -

1. ടൂറിസം ഡയറക്ടറുടെ 17.11.2020-ലെ എച്ച്.ബി4-8223/2020 നമ്പർ കത്ത്
2. 09/11/2020-ൽ ബഹു.സഹകരണവും, വിനോദ സഞ്ചാരവും, ദേവസ്വവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. ടൂറിസം ഡയറക്ടറുടെ 30/01/2021, 20/02/2021-ലെ എച്ച്.ബി4-8223/2020 നമ്പർ കത്തുകൾ.

**ഉത്തരവ്**

06/10/2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റി ഗവേർണിംഗ് കൗൺസിലിന്റെ ആദ്യ യോഗത്തിലെ തീരുമാനപ്രകാരം ഹോട്ടൽ മാനേജ്മെന്റ് കോളേജ് പ്രവർത്തനം തുടങ്ങുന്ന ആദ്യവർഷത്തേക്ക് ആവശ്യമായ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് കൂടിയാലോചന നടത്തി ശുപാർശ സമർപ്പിക്കാൻ ടൂറിസം ഡയറക്ടറോട് നിർദ്ദേശിക്കുകയും, തുടർന്ന് പരാമർശം (2) പ്രകാരം ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച് നടന്ന യോഗത്തിൽ നിശ്ചിത വിദ്യാർത്ഥി:അധ്യാപക അനുപാതം ഉൾപ്പെടെ AICTE മാനദണ്ഡമനുസരിച്ച് ചട്ടപ്രകാരം ഉദ്യോഗസ്ഥരുടെ എണ്ണം, യോഗ്യത, ശമ്പളം എന്നിവ കണക്കാക്കി ആദ്യ വർഷത്തേക്ക് അധ്യാപക - അനധ്യാപക തസ്തിക ആയി ആകെ 19 (അക്കാഡമിക് - 6, നോൺ അക്കാഡമിക് -13 ) തസ്തികകൾ ആവശ്യമാണെന്ന് യോഗം അംഗീകരിക്കുകയും വിശദമായ പ്രൊപ്പോസൽ തയാറാക്കി സമർപ്പിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിന്റെ കൺസൾട്ടന്റ് ആയി നിയമിച്ച കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി പ്രിൻസിപ്പൽ തയ്യാറാക്കിയ വിശദമായ പ്രൊപ്പോസൽ (6 അക്കാഡമിക് തസ്തികകളും, 13 നോൺ അക്കാഡമിക് തസ്തികകളും അനുവദിക്കുന്നതിനുള്ള തസ്തികകളുടെ പേര്, എണ്ണം, യോഗ്യത, നിയമനരീതി എന്നിവ ചേർത്ത്) ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം ടൂറിസം ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ധർമ്മടം ഹോട്ടൽ മാനേജ്മെന്റ് കോളേജിന്റെ തുടർ പ്രവർത്തനങ്ങൾക്കായി സർക്കാരിന് യാതൊരു

വിധ സാമ്പത്തികബാധ്യതയും ഉണ്ടാകില്ല എന്ന വ്യവസ്ഥയിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള 19 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എ) അക്കാഡമിക് വിഭാഗം**

| തസ്തികയുടെ പേര് (നേരിട്ടുള്ള നിയമനം) | എണ്ണം |
|---|---|
| പ്രിൻസിപ്പൽ | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 3 |
| ലൈബ്രറി അസിസ്റ്റന്റ് | 1 |
| ലാബ് അസിസ്റ്റന്റ് | 1 |
| ആകെ | 6 |

**ബി) നോൺ-അക്കാഡമിക് വിഭാഗം**

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| ഓഫീസ് സൂപ്രണ്ട് കം അക്കൗണ്ടന്റ് (നേരിട്ടുള്ള നിയമനം) | 1 |
| UDC (നേരിട്ടുള്ള നിയമനം) | 1 |
| LDC (നേരിട്ടുള്ള നിയമനം) | 2 |
| Maintenance Technician (Out sourced) | 2 |
| Security Guard (Out sourced) | 3 |
| House Keeping (Cleaning) (Out sourced) | 4 |
| ആകെ | 13 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ആർ.ജയപാൽ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി) & സ്പെഷ്യൽ ഓഫീസർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർഎസ്എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ